**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1762** **20-06-2024 - ൽ മറുപടിയ്ക്ക്**

**സുവോളജി പഠന വിദ്യാർത്ഥികളുടെ ഉപരിപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ യൂണിവേഴ്സിറ്റികളിൽ നിലവിൽ സുവോളജി പഠനത്തിനായി എന്തെല്ലാം കോഴ്സുകളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള സർവകലാശാലയുടെ കീഴിൽ ഉള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബി.എസ്.സി. (ഹോണേഴ്സ്), ബി.എസ്.സി. ബിരുദം, എം.എസി.സി., പി.എച്ച്.ഡി. കോഴ്സുകൾ സുവോളജി വിഷയത്തിൽ ലഭ്യമാണ്. കൂടാതെ സുവോളജി പഠന വകുപ്പിൽ നിലവിൽ എം.എസ്.സി. സുവോളജി (പ്യുവർ & അപ്ലൈഡ്), പി.എച്.ഡി. ഇൻ സുവോളജി എന്നീ കോഴ്സുകളാണ് ഉള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2024-25 അദ്ധ്യയന വർഷം മുതൽ BSc (Honours) Zoology, BSc (Honours) Zoology and Industrial Microbiology എന്നീ പ്രോഗ്രാമുകൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ സുവോളജി വിഷയത്തിൽ പി.എച്ച്.ഡി. പ്രോഗ്രാമുകൾക്ക് രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാലയിൽ നിലവിൽ സുവോളജി പഠനത്തിനായി ബി.എസ്.സി. സുവോളജി, എം.എസ്.സി. സുവോളജി, എം.എസ്.സി. അപ്ലൈഡ് സുവോളജി, ഇന്റഗ്രേറ്റഡ് എം.എസ്.സി. ബയോസയൻസ്, ഇന്റഗ്രേറ്റഡ് എം.എസ്.സി. ബയോളജി, എം.എസ്.സി. ബയോളജി എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.<br><br>കണ്ണൂർ സർവകലാശാലയിൽ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബി.എസ്.സി. (ഹോണേഴ്സ്), ബി.എസ്.സി. ബിരുദം, എം.എസി.സി. കോഴ്സുകളും സർവകലാശാലാ പഠന വകുപ്പിൽ എം.എസ്.സി. അപ്ലൈഡ് സുവോളജി കോഴ്സും നിലവിലുണ്ട്. |
| (ബി) | സുവോളജി പഠന വിദ്യാർത്ഥികളുടെ കുറവ് കണക്കിലെടുത്ത് പ്രസ്തുത കോഴ്സിന്റെ | (ബി) | സർവകലാശാലകളിൽ സുവോളജി വിദ്യാർത്ഥികളുടെ കുറവുള്ളതായി |

| | | | |
|---|---|---|---|
| | ഉപരിപഠനത്തിനും ജോലി സാധ്യതയ്ക്കും വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; പ്രസ്തുത കോഴ്സ് കഴിഞ്ഞവർക്കുള്ള തൊഴിൽ സാധ്യതകൾ വ്യക്തമാക്കാമോ? | | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴ്സ് കഴിഞ്ഞവർക്ക് രാജ്യത്തും വിദേശത്തുമായി ഗവേഷണ, അധ്യാപന, വ്യാവസായിക, ഫാർമസ്യൂട്ടിക്കൽ, പരിസ്ഥിതി, ജൈവസാങ്കേതിക, കാർഷിക, സമുദ്രോൽപ്പന്ന മേഖലകളിൽ നിരവധി തൊഴിൽ സാധ്യതകളുണ്ട്. |

സെക്ഷൻ ഓഫീസർ